**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – സാമൂഹിക സുരക്ഷാ പെൻഷൻ - 2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെയുള്ള കുടിശ്ശിക വിതരണത്തിനുമുള്ള അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. .

---

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ.ഉ (സാധാ) നം.6269/2017/ധന തിരുവനന്തപുരം തിയതി .07/08/2017

---

പരാമർശം :-1. സ ഉ ( പി ) 384/2014/ധന തിയതി 05/09/2014
2. സ ഉ ( എം എസ്) 437/2016/ധന തിയതി 08/11/2016
3. സ ഉ ( എം എസ്) 503/2016/ധന തിയതി 21/12/2016
4. സ ഉ (എം എസ് ) 34/2017/ധന തിയതി 21/01/2017
5. സ ഉ (എം എസ് ) 67/2017/ധന തിയതി 06/02/2017
6. സ ഉ (എം എസ് ) 204/2017/ധന തിയതി 23/03/2017
7. പഞ്ചായത്ത് ഡയറക്ടറുടെ 27/07/2017 തിയതിയിലെ ഇമെയിൽ സന്ദേശം
8. സ.ഉ (സാധാ) നം.6136/2017/ധന തിയതി 03/08/2017
9. ഇൻഫർമേഷൻ കേരളാ മിഷന്റെ 03/08/2017 ലെ ഇ-മെയിൽ സന്ദേശം

**ഉത്തരവ്**

പരാമർശം (8) ലെ സർക്കാർ ഉത്തരവ് പ്രകാരം 2017 മേയ് മുതൽ ആഗസ്റ്റ് വരെയുള്ള സാമൂഹിക സുരക്ഷാ പെൻഷൻ നൽകുന്നതിനായി 1952.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെ സാമൂഹിക സുരക്ഷാ പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ പെൻഷൻ വിതരണം നടത്താൻ സാധിക്കാതെ വന്നവർക്ക് പ്രസ്തുത കാലയളവിലെ പെൻഷൻ കുടിശ്ശികയിനത്തിൽ 129 .97 കോടി രൂപ വിതരണം നടത്തുന്നതിനും പരാമർശം (8) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ ഇത് കൂടാതെ, പല കാരണങ്ങളാൽ പെൻഷൻ അനുവദിക്കപ്പെടാതിരുന്നവർക്ക് പിന്നീട് അവർ യോഗ്യത നേടിയമുറയ്ക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. അവർക്ക് 2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെയുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിന് 594.43 കോടി രൂപ കൂടി ആവശ്യമാണെന്ന് പരാമർശം (9) പ്രകാരം ഇൻഫർമേഷൻ കേരളാ മിഷൻ അറിയിക്കുകയുണ്ടായി .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെ സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കാതിരുന്നവരും എന്നാൽ പിന്നീട് പെൻഷൻ യോഗ്യത നേടിയവരുമായ ഗുണഭോക്താക്കൾക്ക് 2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെ കാലയളവിലെ പെൻഷൻ കുടിശ്ശിക വിതരണം നടത്തുന്നതിനായി 594.43 കോടി രൂപ അനുവദിച്ച്

ഉത്തരവാകുന്നു. പരാമർശം (8) ലെ സർക്കാർ ഉത്തരവ് പ്രകാരം 2017 ആഗസ്റ്റ് മാസം വിതരണം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ള പെൻഷനോടൊപ്പം ഈ കുടിശ്ശിക തുകയും വിതരണം ചെയ്യേണ്ടതാണ്.

3. പരാമർശം (8) ലെ സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ അതേപടി നിലനിൽക്കുന്നതാണ്.

4. പരാമർശം (8) ലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ ഐ എ എസ്
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സം ഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ